# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 31/05/ 2020

## ഹോം ക്വാറന്റൈൻ ലംഘനം. പോലീസ് കേസ് രജിസ്റ്റർ ചെയ്തു

കൊല്ലം : ബാംഗ്ലൂരിൽ നിന്നും തിരികെയെത്തിയ വ്യക്തിയെ കൊല്ലത്ത് നിന്നും പരവൂരിലുള്ള വീട്ടിലേക്ക് ടാക്സിയിൽ കൊണ്ടുപോയതിനെത്തുടർന്ന് ഹോം ക്വാറന്റൈനിലായിരുന്ന കാർ ഡ്രൈവർ പരവൂർ നെടുങ്ങോലം ജയ സദനം വീട്ടിൽ അഖിൽ അജിത് (25) പോലീസ് ഉദ്യോഗസ്ഥർ പരിശോധനക്കെത്തിയപ്പോൾ വീട്ടിൽ കാണാഞ്ഞതിനെത്തുടർന്ന് ക്വാറന്റൈൻ ലംഘനത്തിന് പരവൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. ഹോം, ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ കഴിയുന്നവർ പുറത്ത് പോകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിലേക്ക് നിരീക്ഷണത്തിനായി ശക്തമായ പോലീസ് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. സർക്കാർ നിർദേശിച്ച ഹോം ക്വാറന്റൈനിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും കഴിയുന്നവർ ക്വാറന്റൈൻ മാർഗ നിർദേശങ്ങൾ കർശനമായും പാലിക്കേതാണ്.